## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1093 **03.12.2015** -ലെ മറുപടിയ്ക്ക്

### വൈപ്പിൻ മണ്ഡലത്തിൽ ആർട്ട്സ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ നിർദ്ദിഷ്ട ആർട്ട്സ് കോളേജ് ആരംഭിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ; നിർദ്ദേശം നൽകിയിട്ട് എത്ര നാളായെന്നും റിപ്പോർട്ട് ലഭ്യമായെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) & (ബി) | വൈപ്പിൻ മണ്ഡലത്തിൽ നിർദ്ദിഷ്ട ആർട്ട്സ് കോളേജ് ആരംഭിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ **14.10.2015-** ലെ കത്ത് പ്രകാരം എറണാകുളം കോളേജ് വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ചുള്ള അനിശ്ചിതത്വം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഗവ. ആർട്സ് കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച പ്രാഥമിക റിപ്പോർട്ടിൻ മേൽ ധനകാര്യ വകുപ്പ് അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയാണ്. പ്രസ്തുത വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കോളേജിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**